എ.വൈ.ആർ

സ്വേഛാധിപത്യ ദുർഭരണത്തിനെതിരെ ശബ്ദമുയർത്തുന്നവരെ രാജ്യത്തിന്റെയും ജനങ്ങളുടെയും ശത്രുക്കളായി ചിത്രീകരിച്ച് അടിച്ചമർത്തുക എല്ലാ കാലത്തും എല്ലാ ഏകാധിപതികളും അവലംബിക്കാറുള്ള തന്ത്രമാണ്. മൂസാ ഭീഷണിപ്പെടുത്തുന്നത് എന്റെ അധികാരത്തെയല്ല; പ്രത്യുത നിങ്ങളെ-ജനങ്ങളെയും രാജ്യത്തെയുമാണ്, അതുകൊണ്ട് അവനെ എങ്ങനെ നേരിടണമെന്ന് നിങ്ങൾതന്നെ തീരുമാനിക്കണം എന്ന മട്ടിലാണ് ഫറവോൻ സംസാരിക്കുന്നത്.



فَأَلْقَىٰ عَصَاهُ فَإِذَا هِيَ ثُعْبَانٌ مُّبِينٌ ﴿٣٢﴾

32. മൂസാ തന്റെ വടി നിലത്തിട്ടു. അപ്പോഴതാ അതൊരു തെളിഞ്ഞ സർപ്പമാകുന്നു.

**32**

فَأَلْقَىٰ = (മൂസാ നിലത്ത്) ഇട്ടു   عَصَاهُ = തന്റെ വടി   فَإِذَا هِيَ = അപ്പോഴതാ അത്

ثُعْبَانٌ مُّبِينٌ = ഒരു തെളിഞ്ഞ സർപ്പമാകുന്നു

ദൃഷ്ടാന്തമുണ്ടെങ്കിൽ അതുടനെ കാണിച്ചുതരിക എന്നു ഫറവോൻ ആവശ്യപ്പെട്ടപ്പോൾ മൂസാ (അ) തന്റെ വടി താഴെയിട്ടു. ഈ വടി എന്താണെന്നും അത് മൂസാ (അ)യുടെ പ്രവാചകത്വ ചരിത്രത്തിന്റെ ഭാഗമായതെങ്ങനെയാണെന്നും നേരത്തേ സൂറ *ത്വാഹാ* 17-21 സൂക്തങ്ങളിൽ വിശദീകരിച്ചിരിക്കുന്നു. വടി താഴെ വീണതും അതൊരു വൻ സർപ്പമായി ഇഴഞ്ഞു നടക്കാൻ തുടങ്ങി. ثُعْبَانٌ مُّبِينٌ -തെളിഞ്ഞ സർപ്പം- എന്നാണ് മൂലവാക്ക്. മൂസാ നബിയുടെ വടി പരിണമിച്ചുണ്ടാകുന്ന പാമ്പിനെ ഖുർആൻ ചിലപ്പോൾ جان എന്നും ചിലപ്പോൾ حية എന്നും ചിലപ്പോൾ ثعبان എന്നും വ്യവഹരിക്കുന്നുണ്ട്. ചെറുതും വലുതുമായ എല്ലാ ഇഴജന്തുക്കളും ഉൾക്കൊള്ളുന്നതാണ് حية . ചടുലചലനങ്ങളോടെ പെട്ടെന്ന് പ്രത്യക്ഷപ്പെടുകയും അപ്രത്യക്ഷമാവുകയും ചെയ്യുന്ന പാമ്പുകളാണ് جان . വൻ സർപ്പമാണ് ثعبان. മൂസാ (അ) ദൃഷ്ടാന്തമായി അവതരിപ്പിച്ചത് സർപ്പത്തിന്റെ എല്ലാ ഗുണങ്ങളുമുള്ള യഥാർഥ സർപ്പം തന്നെയായിരുന്നുവെന്നാണ് ثُعْبَانٌ مُّبِينٌ എന്ന പ്രയോഗത്തിലൂടെ വിവക്ഷിക്കുന്നത്. നിലത്തിട്ടാൽ സർപ്പമാവുക മാത്രമായിരുന്നില്ല ഈ വടിയുടെ സിദ്ധി. മൂസാ നബി ആഴമേറിയ സമുദ്രത്തിലടിച്ച് വരണ്ട വഴിയുണ്ടാക്കിയതും കരിമ്പാറയിലടിച്ച് ജലധാര പ്രവഹിപ്പിച്ചതും ഈ വടികൊണ്ടാണ്. ദിവ്യാത്ഭുത പ്രതിഭാസത്തിന്റെ ഒരു സിംബലായി കവികളും സാഹിത്യകാരന്മാരും മൂസാ നബിയുടെ വടിയെ പരാമർശിക്കാറുണ്ട്. ■

وَنَزَعَ يَدَهُ فَإِذَا هِيَ بَيْضَاءُ لِلنَّاظِرِينَ ﴿٣٣﴾

33. അനന്തരം തന്റെ കരം കുപ്പായത്തിനുള്ളിൽനിന്ന് പുറത്തേക്കൂരി. അപ്പോഴതാ അത് കാഴ്ചക്കാർക്ക് വെളുത്തു തിളങ്ങുന്നതാകുന്നു.

**33**

وَنَزَعَ يَدَهُ = (അനന്തരം) തന്റെ കരം (കുപ്പായത്തിനുള്ളിൽനിന്ന് പുറത്തേക്ക്) ഊരി   فَإِذَا هِيَ = അപ്പോഴതാ അത്

بَيْضَاءُ = വെളുത്തത് (വെളുത്തു തിളങ്ങുന്നതാകുന്നു)   لِلنَّاظِرِينَ = നോക്കുന്നവർക്ക്, കാഴ്ചക്കാർക്ക്

ഈ രണ്ടാമത്തെ ദൃഷ്ടാന്തത്തെ وَاضْمُمْ يَدَكَ إِلَىٰ جَنَاحِكَ تَخْرُجْ بَيْضَاءَ مِنْ غَيْرِ سُوءٍ (നിന്റെ കരം കക്ഷത്തിൽ ചേർത്തുവെക്കുക. അതു തിളങ്ങുന്നതായി പുറത്തുവരും-ദോഷമൊന്നുമില്ലാതെ-20:22) എന്നും 27:12-ൽ وَأَدْخِلْ يَدَكَ فِي جَيْبِكَ تَخْرُجْ بَيْضَاءَ مِنْ غَيْرِ سُوءٍ (നിന്റെ കൈ കുപ്പായത്തിനുള്ളിൽ കടത്തുക. അതു തിളക്കമുള്ളതായി പുറത്തുവരും-ദോഷമൊന്നുമില്ലാതെ) എന്നും 28:32-ൽ اسْلُكْ يَدَكَ فِي جَيْبِكَ تَخْرُجْ بَيْضَاءَ مِنْ غَيْرِ سُوءٍ (നിന്റെ കരം കുപ്പായത്തിനുള്ളിൽ തിരുകുക. അത് തിളക്കമുള്ളതായി പുറത്തുവരും-ദോഷമൊന്നുമില്ലാതെ) എന്നും പരാമർശിച്ചിരിക്കുന്നു. മൂസാ (അ) കൈ കുപ്പായത്തിനുള്ളിൽ കക്ഷത്തോടു ചേർത്തുവെച്ച് പുറത്തെടുക്കുമ്പോൾ വെളുത്തു തിളങ്ങുകയായിരുന്നു ഈ ദൃഷ്ടാന്തം എന്ന് സാമാന്യമായി മനസ്സിലാക്കാം. بَيْضَاء ഭാഷയിൽ അതി വെണ്മയും ധവളവുമാണ്. ഇവിടെ ഉദ്ദേശ്യം പ്രകാശകിരണങ്ങൾ പൊഴിക്കുന്ന വെണ്മയാണെന്ന് ഇമാം റാസി ഉൾപ്പെടെയുള്ള പ്രമുഖ മുഫസ്സിറുകൾ വ്യക്തമാക്കിയിരിക്കുന്നു. ഈ വെണ്മയും വെളിച്ചവും കാഴ്ചക്കാർക്ക് അനുഭവപ്പെടുന്നതായിരുന്നു. മൂസാ നബിയുടെ കൈക്ക് യാതൊരു വൈകല്യവും അനുഭവപ്പെട്ടിരുന്നില്ല. ചുട്ടുപൊള്ളിയിരുന്നുമില്ല. മറ്റു സൂക്തങ്ങളിൽ مِنْ غَيْرِ سُوءٍ -ദോഷമൊന്നുമില്ലാതെ- എന്നാണിതിനെക്കുറിച്ച് പറയുന്നത്. بَيْضَاء -നെ വെളുപ്പിനെ ചില പണ്ഡിതന്മാർ വെള്ളപ്പാണ്ട് എന്ന അർഥത്തിലെടുത്ത് കൈ കുപ്പായത്തിൽ തിരുകി പുറത്തെടുത്താൽ വെള്ളപ്പാണ്ട് ബാധിച്ചതുപോലെയാവുകയായിരുന്നു ഈ ദൃഷ്ടാന്തമെന്നും എന്നാൽ യഥാർഥത്തിൽ അതിന് യാതൊരു രോഗവും ബാധിച്ചിരുന്നില്ല എന്നാണ് مِنْ غَيْرِ سُوءٍ എന്ന പരാമർശത്തിന്റെ താൽപര്യമെന്നും വ്യാഖ്യാനിച്ചിരിക്കുന്നു. ■

---

قَالَ لِلْمَلَإِ حَوْلَهُ إِنَّ هَٰذَا لَسَاحِرٌ عَلِيمٌ ﴿٣٤﴾

34. ഫറവോൻ അവന്റെ ചുറ്റിലുമുള്ള പ്രമാണിമാരോട് പറഞ്ഞു: ഇവൻ പഠിച്ച ആഭിചാരകൻ തന്നെ.

يُرِيدُ أَنْ يُخْرِجَكُمْ مِنْ أَرْضِكُمْ بِسِحْرِهِ فَمَاذَا تَأْمُرُونَ ﴿٣٥﴾

35. ആഭിചാരശക്തികൊണ്ട് നിങ്ങളെ നിങ്ങളുടെ നാട്ടിൽനിന്നു പുറത്താക്കാനൊരുമ്പെടുകയാണവൻ. പറയൂ, നിങ്ങൾ എന്തു കൽപ്പിക്കുന്നു?

**34-35**

قَالَ لِلْمَلَإِ حَوْلَهُ = (ഫറവോൻ) തന്റെ ചുറ്റുമുള്ള പ്രമാണിമാരോട് പറഞ്ഞു; إِنَّ هَٰذَا = തീർച്ചയായും ഇവൻ
لَسَاحِرٌ عَلِيمٌ = നന്നായി അറിയുന്ന (പഠിച്ച) ആഭിചാരകൻ തന്നെ; يُرِيدُ = അവൻ ഉദ്ദേശിക്കുന്നു (ഒരുമ്പെടുകയാണവൻ)
أَنْ يُخْرِجَكُمْ = നിങ്ങളെ പുറത്താക്കാൻ; مِنْ أَرْضِكُمْ = നിങ്ങളുടെ നാട്ടിൽനിന്ന്
بِسِحْرِهِ = അവന്റെ ആഭിചാരം (ആഭിചാര ശക്തി) കൊണ്ട്; فَمَاذَا تَأْمُرُونَ = (പറയൂ) നിങ്ങൾ എന്തു കൽപിക്കുന്നു

മൂസാ(അ)യുടെ പ്രകടനം കണ്ട് ഫറവോനും സഭയും അമ്പരന്നു. പക്ഷേ അതൊരു ദിവ്യാത്ഭുത ദൃഷ്ടാന്തമാണെന്നു സമ്മതിക്കാൻ ഫറവോൻ തയാറായില്ല. അതംഗീകരിക്കുന്നതിനർഥം താനാണ് അത്യുന്നത നാഥൻ (ربكم الأعلى) എന്ന വാദം പൊളിയാണെന്ന് സമ്മതിക്കുന്നതിനു തുല്യമാണ്. താനകപ്പെട്ട കെണിയിൽനിന്ന് തലയൂരാൻ അയാൾ കണ്ടെത്തിയ തന്ത്രമാണ് മൂസാ(അ)യിൽ ആഭിചാരം ആരോപിക്കുക. അത്ഭുത പരതന്ത്രരായ സഭക്ക് മൂസായുടേത് സാധാരണ കൺകെട്ടുവിദ്യയല്ലെന്നും അതിലെന്തോ കാര്യമുണ്ടെന്നും തോന്നിയിരുന്നു. അവരെ കൂടി തൃപ്തിപ്പെടുത്തേണ്ടതുണ്ടായിരുന്നു ഫറവോന്ന്. രാജസഭയോട് അയാൾ പ്രഖ്യാപിച്ചു: "ഇവനൊരു പഠിച്ച ആഭിചാരകൻ തന്നെ. ആഭിചാരം കൊണ്ട് നിങ്ങളെ സ്വദേശത്തുനിന്ന് പുറന്തള്ളി രാജ്യം ഇസ്രാഈല്യർക്കു വേണ്ടി കൈയടക്കാനാണ് അവന്റെ പുറപ്പാട്. ഈ രാജ്യദ്രോഹിയെ എന്തുചെയ്യണമെന്നാണ് നിങ്ങൾ വിധിക്കുന്നത്?" മൂസാ നബിയുടെ പ്രബോധനത്തിന്റെ രാഷ്ട്രീയ മാനവും തന്റെ അധികാരത്തിനു അതുയർത്തുന്ന ഭീഷണിയും ഫറവോൻ തിരിച്ചറിഞ്ഞിരുന്നുവെന്ന് ഈ പ്രതികരണത്തിൽനിന്ന് വ്യക്തമാകുന്നു. സ്വേഛാധിപത്യ ദുർഭരണത്തിനെതിരെ ശബ്ദമുയർത്തുന്നവരെ രാജ്യത്തിന്റെയും ജനങ്ങളുടെയും ശത്രുക്കളായി ചിത്രീകരിച്ച് അടിച്ചമർത്തുക എല്ലാ കാലത്തും എല്ലാ ഏകാധിപതികളും അവലംബിക്കാറുള്ള തന്ത്രമാണ്. മൂസാ ഭീഷണിപ്പെടുത്തുന്നത് എന്റെ അധികാരത്തെയല്ല; പ്രത്യുത നിങ്ങളെ-ജനങ്ങളെയും രാജ്യത്തെയുമാണ്, അതുകൊണ്ട് അവനെ എങ്ങനെ നേരിടണമെന്ന് നിങ്ങൾതന്നെ തീരുമാനിക്കണം എന്ന മട്ടിലാണ് ഫറവോൻ സംസാരിക്കുന്നത്. ഇതുതന്നെ ഫറവോന്റെ അത്യുന്നതാധികാരി (الرَّبُّ الأعلى) എന്ന അവകാശവാദത്തിനു നിരക്കുന്നതല്ല. യഥാർഥ സർവാധിപതി ഒരു തീരുമാനവും മറ്റുള്ളവർക്കു വിട്ടുകൊടുക്കുകയില്ല. അതിന്റെ ആവശ്യവുമില്ല. യഥാർഥ സർവാധിപതി തന്നെയാണ് ഏറ്റം യുക്തമായ തീരുമാനമെടുക്കാൻ വൈഭവവും അധികാരവുമുള്ളവൻ. പക്ഷേ കൃത്രിമ പരമാധികാരികൾക്ക് സങ്കീർണമായ പ്രശ്നങ്ങൾ പരിഹരിക്കാൻ തന്റെ പ്രജകളുടെ സഹായവും സഹകരണവും കൂടിയേ തീരൂ. ■

قَالُوا أَرْجِهْ وَأَخَاهُ وَابْعَثْ فِي الْمَدَائِنِ حَاشِرِينَ ﴿٣٦﴾

36. അവർ അഭിപ്രായപ്പെട്ടു. അവന്റെയും സഹോദരന്റെയും വിധി നിർത്തിവെച്ചാലും. നഗരങ്ങളിലേക്കൊക്കെയും രാജദൂതന്മാരെ അയച്ചാലും.

يَأْتُوكَ بِكُلِّ سَحَّارٍ عَلِيمٍ ﴿٣٧﴾

37. സകല ആഭിചാര വിദഗ്ധരെയും അവർ അങ്ങയുടെ സന്നിധിയിൽ കൂട്ടിക്കൊണ്ടുവരട്ടെ.

**36–37**

قَالُوا = അവർ പറഞ്ഞു (അഭിപ്രായപ്പെട്ടു)

أَرْجِهْ وَأَخَاهُ = അവനെയും അവന്റെ സഹോദരനെയും നിർത്തുക (വിധി നിർത്തിവെച്ചാലും)

وَابْعَثْ = അങ്ങ് അയച്ചാലും فِي الْمَدَائِنِ = നഗരങ്ങളിലേക്ക് (ഒക്കെയും)

حَاشِرِينَ = ശേഖരിക്കുന്നവരെ, സമ്മേളിപ്പിക്കുന്നവരെ (രാജദൂതന്മാരെ)

يَأْتُوكَ = അവർ അങ്ങയുടെ സന്നിധിയിൽ കൂട്ടിക്കൊണ്ടുവരും (വരട്ടെ)

بِكُلِّ سَحَّارٍ عَلِيمٍ = അറിവുള്ള സകല ആഭിചാരകന്മാരെയും (ആഭിചാരവിദഗ്ധരെയും)

ചക്രവർത്തിയുടെ അധികാരത്തെ ചോദ്യം ചെയ്യുന്ന ഈ അടിമകളെ ഉടനടി കഴുവിലേറ്റാൻ വിധിക്കുകയായിരുന്നു സാധാരണഗതിയിൽ രാജസഭ ചെയ്യേണ്ടത്. പക്ഷേ അവരതു ചെയ്തില്ല. പകരം അയാളുടെ വിധി തൽക്കാലം നീട്ടിവെക്കാനും ഈ പ്രകടനത്തിന്റെ നിജഃസ്ഥിതി ഉറപ്പുവരുത്തിയ ശേഷം തിരുമാനമെടുക്കാനും ശിപാർശ ചെയ്യുകയായിരുന്നു. തെളിവുകളും സാക്ഷ്യങ്ങളും കൂടുതൽ പരിശോധിക്കുന്നതിനു വേണ്ടി കോടതി വിധികൾ പോലുള്ള തീരുമാനങ്ങൾ നീട്ടിവെക്കുകയാണ് إرجاء. അതിൽനിന്നുള്ള ശാസനാക്രിയ أَرْجَأْ. ഇതിലെ അന്ത്യാക്ഷരമായ ഹംസ് (ء) മാറ്റി പകരം ہ എന്ന സർവനാമം ചേർത്തതാണ് أَرْجِهْ. അവനെയും സഹോദരനെയും തൽക്കാലം തടവിലാക്കുക എന്നാണ് ചില പണ്ഡിതന്മാർ അർഥം കൽപ്പിച്ചിട്ടുള്ളത്. ഫറവോന്റെ സഭയിൽതന്നെ ഉള്ളിൽ അയാളുടെ ഏകഛത്രാധിപത്യത്തോട് എതിർപ്പുള്ളവരും എങ്ങനെയെങ്കിലും അതൊന്ന് നീങ്ങിക്കിട്ടിയെങ്കിൽ എന്നാഗ്രഹിക്കുന്നവരും ഉണ്ടായിരുന്നു. ഈ മനോഗതം പുറത്തുകാണിച്ചാൽ പിന്നെ തലകാണില്ലായിരുന്നു. ഇപ്പോൾ രണ്ടു ഇസ്രാഈല്യർ ഫറവോനെ ചോദ്യം ചെയ്തിരിക്കുകയാണ്. ദൃഷ്ടാന്തം കാണിക്കാനുള്ള ഫറവോന്റെ വെല്ലുവിളി അവർ വിജയകരമായി സ്വീകരിച്ചുകഴിഞ്ഞിരിക്കുന്നു. ഇതിങ്ങനെ തന്നെ മുന്നോട്ടുപോകട്ടെ. ഇനി മൂസായും സഹോദരനും വിജയിക്കുകയാണെങ്കിൽ ഫറവോന്റെ ഏകഛത്രാധിപത്യത്തിന്റെ പത്തി മടങ്ങും. അയാൾ മൂസാ പറയുന്നതനുസരിക്കാൻ നിർബന്ധിതനാകും. ഇനി അവർ തോൽക്കുകയാണെങ്കിൽ അതോടെ അവരുടെ തട്ടിപ്പ് പൊളിയുകയും ചെയ്യും. പിന്നെ അവർ ശിക്ഷിക്കപ്പെടുന്നതുകൊണ്ട് തങ്ങൾക്കൊന്നും നഷ്ടപ്പെടാനില്ല. അതുകൊണ്ട് അവർ നിർദേശിച്ചു: മഹാരാജാവ് നാട്ടിലെ എല്ലാ നഗരങ്ങളിലേക്കും ദൂതന്മാരെ നിയോഗിച്ച് അവിടങ്ങളിലുള്ള എല്ലാ ആഭിചാര വിദ്വാന്മാരെയും വിളിച്ചുകൊണ്ടുവരാൻ ഏർപ്പാടു ചെയ്താലും. سَحَّار عَلِيم എന്ന മൂലപദം سَاحِرٌ -ന്റെ പര്യായമാണ്. سَاحِرٌ-ഉം سَحَّارٌ-ഉം തമ്മിലുള്ള വ്യത്യാസം ഇതാണ്: ആഭിചാരം സാമാന്യേന അറിയുകയും വല്ലപ്പോഴുമൊക്കെ പ്രദർശിപ്പിക്കുകയും ചെയ്യുന്നവൻ سَاحِرٌ. നന്നായി ആഭിചാരം പഠിച്ച് അതൊരു ഉപജീവനമാർഗമായി കൊണ്ടു നടക്കുന്നവൻ سَحَّارٌ. എനിക്കുമറിയാം മന്ത്രവാദം എന്നു പറഞ്ഞ് വല്ലപ്പോഴും വല്ലതും കാണിക്കുന്നവരെയല്ല; മന്ത്രവാദം നന്നായി പഠിച്ച് വൈദഗ്ധ്യം നേടി അതൊരു തൊഴിലാക്കിയ മാന്ത്രികരെയെല്ലാം വിളിച്ചുകൂട്ടണമെന്നാണ് സഭ ആവശ്യപ്പെടുന്നത്. മാന്ത്രികർ സമ്മേളിക്കേണ്ട സ്ഥലവും സമയവും നിശ്ചയിച്ചുകൊടുക്കുകയും ചെയ്തു. വലിയ ജനക്കൂട്ടത്തിന് ഒത്തുകൂടാനും മാന്ത്രികപ്രകടനം നേരിൽ കാണാനും സൗകര്യമുള്ള ഒരു വലിയ മൈതാനമായിരുന്നു സ്ഥലം. രാജ്യത്തിന്റെ പൊതു ഉത്സവദിനത്തിന്റെ പൂർവാഹ്നമായിരുന്നു സമയം. ഇക്കാര്യം *ത്വാഹാ* 59-ാം സൂക്തത്തിൽ വ്യക്തമായി പ്രസ്താവിക്കുന്നുണ്ട്. ■

38. അങ്ങനെ നിശ്ചിത ദിവസം നിശ്ചിത സമയത്ത് ആഭിചാരകന്മാർ ഒരുമിച്ചുകൂട്ടപ്പെട്ടു.

فَجُمِعَ السَّحَرَةُ لِمِيقَاتِ يَوْمٍ مَعْلُومٍ ﴿٣٨﴾

39. ജനങ്ങളിൽ വിളംബരം ചെയ്യപ്പെട്ടിരുന്നു; നിങ്ങളും സമ്മേളിക്കുമല്ലോ.

وَقِيلَ لِلنَّاسِ هَلْ أَنْتُمْ مُجْتَمِعُونَ ﴿٣٩﴾

40. നാം ആഭിചാരകരുടെ മതത്തിൽ തുടരേണ്ടതിന്ന്- അവർതന്നെ ജേതാക്കളാവുകയാണെങ്കിൽ.

لَعَلَّنَا نَتَّبِعُ السَّحَرَةَ إِنْ كَانُوا هُمُ الْغَالِبِينَ ﴿٤٠﴾

**38-40**

فَجُمِعَ السَّحَرَةُ = അങ്ങനെ ആഭിചാരകന്മാർ ഒരുമിച്ചുകൂട്ടപ്പെട്ടു

لِمِيقَاتِ يَوْمٍ مَعْلُومٍ = അറിയപ്പെട്ട നിശ്ചിത ദിവസം (നിശ്ചിത സമയത്ത്)

وَقِيلَ لِلنَّاسِ = ജനങ്ങളോട് പറയപ്പെട്ടു (ജനങ്ങളിൽ വിളംബരം ചെയ്യപ്പെട്ടിരുന്നു)

هَلْ أَنْتُمْ مُجْتَمِعُونَ = നിങ്ങൾ ഒരുമിച്ചുകൂടുന്നവരാണോ (നിങ്ങളും സമ്മേളിക്കുമല്ലോ)

لَعَلَّنَا نَتَّبِعُ السَّحَرَةَ= നാം ആഭിചാരകന്മാരെ പിന്തുടർന്നേക്കാം (ആഭിചാരകന്മാരുടെ മതത്തിൽ തുടരേണ്ടതിന്)

إِنْ كَانُوا هُمُ = അവർ തന്നെ ആവുകയാണെങ്കിൽ الْغَالِبِينَ = ജേതാക്കൾ

ഒപ്പം ഈ മത്സരത്തെക്കുറിച്ച് ബഹുജനങ്ങളിൽ വിപുലമായ പ്രചാരണം നടത്തുകയും ചെയ്തു. هَلْ أَنْتُمْ مُجْتَمِعُونَ -നിങ്ങൾ ഒത്തുകൂടുന്നവരാണോ അഥവാ ഒത്തുകൂടുമല്ലോ- എന്ന പ്രേരണയും വിളംബരത്തിന്റെ ഭാഗമായിരുന്നു. ഈ മത്സരത്തിൽ ആരു ജയിച്ചു, ആര് തോറ്റു എന്നു കണ്ടറിയേണ്ടത് നിങ്ങളുടെ താൽപര്യമാണ്. അല്ലെങ്കിൽ ഉത്തരവാദിത്വമാണ് എന്നാണതിന്റെ ധ്വനി. തുടർന്ന് പറയുന്നത് ആഭിചാരകന്മാർ ജയിക്കുകയാണെങ്കിൽ നമുക്ക് അവരെത്തന്നെ പിൻപറ്റാം എന്നാണ്. അതായത്, ഈ മത്സരത്തിൽ മന്ത്രവാദികളെങ്ങാൻ തോറ്റുപോയാൽ നമ്മുടെ ദേശീയമായ മതവും സംസ്കാരവും രാജ്യവുമെല്ലാം അപകടത്തിലാകും. മന്ത്രവാദികൾ ജയിച്ചാലേ മൂസായുടെ മതം നിഷേധിക്കപ്പെടുകയും നമ്മുടെ മതം സ്ഥിരപ്പെടുകയും ചെയ്യൂ. ■